LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്.

(ബി) 2-1-2015-ൽ

(സി) നിയമന ശിപാർശ ലഭിച്ച് മൂന്ന് മാസത്തിനുള്ളിൽ നിയമന ഉത്തരവ് നല്കണമെന്നതാണ് ചട്ടം.

(ഡി-ജി) സംസ്ഥാനത്തെ സ്കൂളുകളിൽ 2010-11 അദ്ധ്യയന വർഷത്തിനു ശേഷം 2014-15-ലാണ് തസ്തിക നിർണ്ണയം നടത്തിയത്. 2014-15-ലെ തസ്തിക നിർണ്ണയപ്രകാരം വിദ്യാർത്ഥികളുടെ കുറവുമൂലം പ്രൈമറി വിഭാഗത്തിൽ 300-ൽ പരം അദ്ധ്യാപക തസ്തികകൾ നഷ്ടമായിട്ടുണ്ട്. ജില്ലയിൽ ഇപ്രകാരം അദ്ധ്യാപകർ അധികമായി നിലനിൽക്കുന്നതിനാലാണ് നിയമന ശിപാർശ ലഭിച്ച ഉദ്യോഗാർത്ഥികൾക്ക് നിയമനം നൽകാൻ സാധിക്കാത്തത്. എന്നാൽ, 2014-15-ലെ തസ്തിക നിർണ്ണയത്തിന് പാലിക്കേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ സംബന്ധിച്ച സർക്കാർ ഉത്തരവ് ബഹുമാനപ്പെട്ട ഹൈക്കോടതി റദ്ദ് ചെയ്തിരിക്കുന്നതും ആയതിന്മേലുള്ള അപ്പീൽ കോടതിയുടെ പരിഗണനയിലുമാണ്. ആയതിനാൽ, പ്രസ്തുത കാലയളവിലെ തസ്തിക നിർണ്ണയത്തിനുള്ള അദ്ധ്യാപക-വിദ്യാർത്ഥി അനുപാതം സംബന്ധിച്ച് പുതുക്കിയ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചാൽ മാത്രമേ യഥാർത്ഥത്തിലുള്ള അധിക അദ്ധ്യാപക തസ്തിക കണ്ടെത്താനും പ്രസ്തുത അദ്ധ്യാപകരെ പുനർവിന്യസിക്കാനും സാധിക്കുകയുള്ളൂ. ആയതിനുശേഷം മാത്രമേ നിയമന ശിപാർശ ലഭിച്ച ഉദ്യോഗാർത്ഥികളുടെ കാര്യത്തിൽ തീരുമാനം കൈക്കൊള്ളാനാവുകയുള്ളൂ.

സ്കോളർഷിപ്പ് നൽകുന്നതിന് ഇ-ഗ്രാന്റ് സോഫ്റ്റ്വെയർ

87 (5161) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന പൊതു വിദ്യാഭ്യാസ വകുപ്പുവഴി വിതരണം ചെയ്യുന്ന സ്കോളർഷിപ്പുകൾ നൽകുന്നതിന് ഇ-ഗ്രാന്റ് പോലെയുള്ള സോഫ്റ്റ്വെയർ വഴി വകുപ്പിനു കീഴിൽ പ്രത്യേക വിഭാഗം പരിഗണനയിലുണ്ടോ ;

(ബി) എങ്കിൽ ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) പരിഗണനയിലില്ല.

(ബി) ബാധകമല്ല.

കായികാദ്ധ്യാപക നിയമനം

88 (5162) ഡോ. കെ. ടി. ജലീൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ടീച്ചേഴ്സ് ബാങ്ക്/സ്പെഷ്യലിസ്റ്റ് ടീച്ചേഴ്സ് പൂളിംഗിന്റെ അടിസ്ഥാനത്തിൽ ഒരു കായികാദ്ധ്യാപകനെ ഒന്നിലധികം സ്കൂളുകളിൽ നിയമിക്കുവാൻ ഉത്തരവുണ്ടോ എന്ന് വ്യക്തമാക്കാമോ ;

(ബി) എയ്ഡഡ് സ്കൂളുകളിൽ കായികാദ്ധ്യാപക നിയമനം നിരോധിച്ചു കൊണ്ടുള്ള ഏതെങ്കിലും ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ ;

(സി) എങ്കിൽ ഏത് വർഷം മുതലാണ് നിയമനം നിരോധിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ ;

(ഡി) ഭാഷാ അദ്ധ്യാപകരെ കായികാദ്ധ്യാപകരായി നിയമിക്കാനുള്ള ഏതെങ്കിലും ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടായിരുന്നോയെന്ന് വ്യക്തമാക്കാമോ ;

(ഇ) എങ്കിൽ പ്രസ്തുത ഉത്തരവ് ഇപ്പോഴും നിലനിൽക്കുന്നുണ്ടോ എന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ-സി) 1-10-2011-ലെ ജി.ഒ.(പി)199/2011/പൊവി. ഉത്തരവ് പ്രകാരം സ്പെഷ്യലിസ്റ്റ് അദ്ധ്യാപകരെ ഒന്നിലധികം സ്കൂളുകളിൽ പൂൾ ചെയ്ത് നിയമിക്കാനും ഭാവിയിൽ സ്പെഷ്യലിസ്റ്റ് അദ്ധ്യാപക നിയമനം പി.എസ്.സി. മുഖേന നടത്തണമെന്നും ഉത്തരവായിരുന്നു. പിന്നീട് 2-5-2012 തീയതിയിലെ ജി.ഒ.(എം.എസ്) 139/12/പൊവി. ഉത്തരവ് പ്രകാരം 2011-12 വർഷം എയ്ഡഡ് സ്കൂൾ മാനേജർമാർ നടത്തിയ സ്പെഷ്യലിസ്റ്റ് അദ്ധ്യാപക നിയമനങ്ങൾ അംഗീകരിക്കുന്നതിന് സർക്കാർ അനുവാദം നൽകിയിട്ടുണ്ട്. 2012-13 അധ്യയന വർഷം മുതൽ എയ്ഡഡ് സ്കൂൾ മാനേജർമാർ നടത്തിയ സ്പെഷ്യലിസ്റ്റ് അദ്ധ്യാപക നിയമനങ്ങൾ അംഗീകരിക്കുന്നതിന് സർക്കാർ അനുമതി നൽകിയിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly